**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1894** **08-02-2023 - ൽ മറുപടിയ്ക്ക്**

**2023 ലെ ഹജ്ജ് തീർത്ഥാടനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. വി. അബ്ദുറഹിമാൻ (കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | 2023 ലെ ഹജ്ജിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ സംവിധാനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എ) | 2023-ലെ ഹജ്ജ് തീർത്ഥാടനത്തിന് ഇനി ചുരുങ്ങിയ കാലയളവ് മാത്രമാണ് ശേഷിക്കുന്നത്. 2023 ജൂൺ മാസം ആരംഭിക്കുന്ന ഹജ്ജ് തീർത്ഥാടനം സംബന്ധിച്ച് കേന്ദ്ര ഹജ്ജ് കമ്മിറ്റിയുടെ നോട്ടിഫിക്കേഷനും ആക്ഷൻ പ്ലാനും ഇതുവരെ ലഭിച്ചിട്ടില്ല. ആയതുകൊണ്ടുതന്നെ ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നതിന് സംസ്ഥാനത്തിന് ഇനിയും സാധിച്ചിട്ടില്ല. നോട്ടിഫിക്കേഷനും ആക്ഷൻപ്ലാനും ലഭിക്കുന്ന മുറയ്ക്ക് ഹജ്ജ് 2023 നടപടിക്രമങ്ങൾ ആരംഭിക്കുന്നതാണ്. ചുവടെ പറയുന്ന തയാറെടുപ്പുകൾ സംസ്ഥാന ഹജ്ജ് കമ്മിറ്റി സ്വീകരിച്ചുവരുന്നുണ്ട്.<br><br>കരിപ്പൂരിലെ സംസ്ഥാന ഹജ്ജ് കമ്മിറ്റി ഓഫീസ്സിലും, കോഴിക്കോട് പുതിയറയിലെ റീജ്യണൽ ഓഫീസ്സിലും ഹജ്ജ് അപേക്ഷകർക്കായി പ്രത്യേകം ഹെൽപ്പ് ഡെസ്കുകൾ ആരംഭിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ഹജ്ജ് അപേക്ഷകർക്കായി സംസ്ഥാനത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഹജ്ജ് ട്രെയിനർമാരുടെ സഹകരണത്തോടെ സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ അപേക്ഷകരുള്ള ജില്ലകളിൽ നിയമസഭാ മണ്ഡലങ്ങൾ കേന്ദ്രീകരിച്ചും സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. ഹജ്ജ് ട്രെയിനർമാർക്കും , അക്ഷയ/ ഐ.ടി. സംരംഭകർക്കും ഹജ്ജ് അപേക്ഷ സംബന്ധമായ പരിശീലന ക്ലാസ്സുകൾ നൽകുന്നതിനുള്ള ഒരുക്കങ്ങൾ ചെയ്തിട്ടുണ്ട്. പുതിയ ഹജ്ജ് പോളിസിയുടെ കരട് പട്ടികയിൽ കേരളത്തിൽ നിന്നും കോഴിക്കോട്, കൊച്ചി, കണ്ണൂർ എന്നീ മൂന്ന് വിമാനത്താവളങ്ങൾ എമ്പാർക്കേഷൻ പോയിന്റുകളായി പരിഗണിച്ചിട്ടുണ്ട്. കേരളത്തിലെ ഹാജിമാർക്ക് ഏറ്റവും സൗകര്യപ്രദമായ സ്ഥലത്തു |

| | | | |
|---|---|---|---|
| | | | നിന്നും ഹജ്ജിന് പുറപ്പെടുന്നതിന് മൂന്ന് എമ്പാർക്കേഷൻ പോയിന്റുകളും അംഗീകരിച്ചുകിട്ടുന്നതിനുള്ള നടപടിക്രമങ്ങൾ ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ